**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1946** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ അക്ഷയകേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 20 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റി, ചെങ്ങളായി ഗ്രാമപഞ്ചായത്ത്, എരുവേശ്ശി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ മൂന്ന് വീതവും, ആലക്കോട്, നടുവിൽ, പയ്യാവൂർ, ഉദയഗിരി, ഉളിക്കൽ ഗ്രാമപഞ്ചായത്തുകളിൽ രണ്ട് വീതവും, ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ ഒരു അക്ഷയ കേന്ദ്രവുമാണ് പ്രവർത്തിക്കുന്നത്. |
| (ബി) | പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമ പഞ്ചായത്തുകളിൽ 2 കിലോമീറ്ററും, മുനിസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും, കോർപ്പറേഷനുകളിൽ 1 കിലോമീറ്ററും ആണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ- ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രത്തിനുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും സംരംഭകരെ തിരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ